ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/7710/2026-C2 (ACA) തീയതി: 24-09-2026#

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം-സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - അക്കാദമിക് സെക്ഷൻ-

സൂചന :- 14.09.2026 തീയതി എക്സൈസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും വന്ന കത്ത് നം.EXC/956/2021 -VIMUKTHI1

മേൽ സൂചന പ്രകാരം സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപ്പിലാക്കേണ്ട പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നു.ആയതിനാൽ എക്സൈസ് വകുപ്പും, ടെക്നിക്കൽ എഡ്യൂക്കേഷനും സംയുക്തമായി താഴെ പറയുന്ന വിഷയങ്ങൾ ഈ വകുപ്പിന് കീഴിൽ വരുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ് എന്നു അറിയിക്കുന്നു.

<u>നടപ്പിലാക്കേണ്ടവ</u>

1. സംസ്ഥാനത്തെ എല്ലാ സ്കൂൾ/കോളേജ് ഹോസ്റ്റൽ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളെ "തണ്ടർ ക്ലബ്ബ്" എന്ന് പുനർനാമകരണം ചെയ്തിട്ടുള്ളതാണ്. ആയതിനാൽ ലഹരി വിരുദ്ധ ക്ലബ്ബുകളെ പുനർനാമകരണം നടത്തി ലഹരിക്കെതിരെയുള്ള പ്രവർത്തനം ശക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തി സാമൂഹിക പ്രതിരോധം ശക്തിപ്പെടുത്തുക.
3. എക്സൈസ് വകുപ്പ് ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി "മയങ്ങില്ല കേരളം" എന്ന ഒരു പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾ ലഹരി ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ കണ്ടെത്തി കൗൺസിലിംഗ്, ആവശ്യമെങ്കിൽ രക്ഷകർത്താക്കളുടെ സഹായത്തോടെ ഡി-അഡിക്ഷൻ ചികിത്സയും നൽകുന്നതടക്കമുള്ള സൗകര്യങ്ങൾ "മയങ്ങില്ല കേരളം" പോർട്ടലിൽ ലഭ്യമാണ്. ഇത്തരത്തിൽ കൗൺസിലിംഗ്/ചികിത്സ ആവശ്യമുള്ള വ്യക്തികളുടെ വിവരങ്ങൾ അതീവ രഹസ്യമായി സൂക്ഷിക്കുകയും അവർക്ക് വേണ്ട എല്ലാ പിന്തുണയും നൽകുവാനും, ടി പോർട്ടലിന്റെ സൗകര്യങ്ങളെക്കുറിച്ച് എല്ലാ വിദ്യാർത്ഥികളെയും ബോധ്യപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് സെൽഫ് അസ്സെസ്സ്മെന്റ് നടത്തുന്നതിനുള്ള സൗകര്യവും ടി പോർട്ടലിൽ ലഭ്യമാണെന്നുള്ള വിവരം എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നു.

ടി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം പഠനത്തോടൊപ്പം മറ്റ് വിവിധ പ്രവർത്തനങ്ങളിലും സജീവമായി ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രബോധിപ്പിക്കുകയും ചെയ്യേണ്ടതാണ് എന്നു അറിയിക്കുന്നു.

ANI ABRAHAM

Digitally signed by
ANI ABRAHAM
Date: 24-09-2026
20:10:16

SENIOR JOINT DIRECTOR (PS)

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി